"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – പഞ്ചായത്ത് ജീവനക്കാര്യം – പത്തനംതിട്ട ജില്ല – വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. ഗോപിയ്ക്കെതിരായ അച്ചടക്ക നടപടി – ഔപചാരിക അന്വേഷണത്തിന് പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.357/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 09/02/2021

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 15.03.2016-ലെ ഇ3(ക്യുവി.11/15/പി.ടി.എ) 18742/2015 നമ്പർ കത്ത്

2 സർക്കാരിന്റെ 20.09.2016-ലെ ലെ ഇപിബി2/115/2016/തസ്വഭവ നമ്പർ കുറ്റപത്രം

3 പഞ്ചായത്ത് ഡയറക്ടറുടെ 28.12.2016-ലെ ഡി6-42646/16 നമ്പർ കത്ത്

4 സർക്കാരിന്റെ 10.03.2017-ലെ ഇപിബി2/116/2016/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

5 ശ്രീ. കെ. ഗോപി സമർപ്പിച്ച 29.05.2017-ലെ പ്രതിവാദ പത്രിക

6 പഞ്ചായത്ത് ഡയറക്ടറുടെ 01.02.2018-ലെ ഡി6-42646/16 നമ്പർ കത്ത്

### ഉത്തരവ്

ശ്രീ. കെ. ഗോപി വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന കാലയളവിൽ ടിയാൻ കൈക്കൂലി ആവശ്യപ്പെട്ടതായും ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതായുമുള്ള ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിൽ സത്വരാന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിംറോക്ക് ഗ്രാനൈറ്റ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ 2015-16 വർഷത്തെ ഡി&ഒ ലൈസൻസ് പുതുക്കി നല്കുന്നതിന് ലഭിച്ച അപേക്ഷയിൽ സമയബന്ധിതമായി പരിശോധന നടത്തി നിയമാനുസരണം പാരിസ്ഥിതിക സർട്ടിഫിക്കറ്റുകളുടെ അഭാവത്തിലും ടി സ്ഥാപനത്തിനും അതിന്റെ ഉടമയ്ക്കുമെതിരെ റാന്നി പോലീസ് സ്റ്റേഷനിൽ ക്രൈം 668/2014 u/s 9 (B) (1) (b) of Explosive substance Act പ്രകാരവും ക്രൈം 1638114 u/s 4 and 21 of Mining and mineral (Regulation) Development Act 1957 and 379 IP പ്രകാരവും കേസുകൾ നിലവിലുള്ളത് ചൂണ്ടിക്കാട്ടി രേഖാമൂലം അപേക്ഷ നിരസിക്കാം എന്നിരിക്കെ അപേക്ഷയിൽ 3 0 ദിവസത്തിനുള്ളിൽ നടപടി സ്വീകരിക്കാതെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതായി വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തുകയുണ്ടായി.

വിജിലൻസ് അന്വേഷണത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ശ്രീ. കെ. ഗോപി ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ കൃത്യവിലോപം കാട്ടിയതായി കണ്ടെത്തിയതിനെത്തുടർന്ന് ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം കുറ്റപത്രം നൽകിയെങ്കിലും പ്രസ്തുത കുറ്റപത്രം ശ്രീ. കെ. ഗോപിക്ക് നല്കുന്നതിന് മുൻപുതന്നെ ടിയാൻ സേവനത്തിൽനിന്ന് വിരമിച്ചു എന്ന് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ. ഗോപിയ്ക്കെതിരെ കെ.എസ്.ആർ. ഭാഗം III ചട്ടം 3(b)

പ്രകാരം നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന്റെ പ്രതിമാസ പെൻഷനിൽനിന്ന് 500/- രൂപ വീതം 3 വർഷത്തേയ്ക്ക് കുറവു വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. കെ. ഗോപി പരാമർശം (5) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ വിംറോക്ക് എന്ന സ്ഥാപനത്തിനും അതിന്റെ ഉടമയ്ക്കുമെതിരെ കേസുകൾ എടുത്തിട്ടുള്ളത് പോലീസാണെന്നും ആ വിവരം പോലീസോ മറ്റാരെങ്കിലുമോ പഞ്ചായത്തിനെ അറിയിച്ചിട്ടില്ലെന്നും മതിയായ രേഖകളുടേയും സാക്ഷ്യപത്രങ്ങളുടേയും അഭാവത്തിൽ 2015-16 ലെ ലൈസൻസ് പുതുക്കാനാവില്ലെന്ന് സെക്രട്ടറി എന്ന നിലയിൽ അറിയിച്ചതോടെ സ്ഥാപന ഉടമ പ്രലോഭനങ്ങളുമായി എത്തിയെന്നും വഴങ്ങുന്നില്ലെന്നു കണ്ടപ്പോൾ പഞ്ചായത്തിലെ ചില ജീവനക്കാരെ കൂട്ടുപിടിച്ചു കൊണ്ട് തനിക്കെതിരെ കരുക്കൾ നീക്കിയതാണെന്നും അറിയിച്ചിട്ടുണ്ട്. ലൈസൻസ് പുതുക്കി നൽകാത്തതിനെതിരെ സ്ഥാപന ഉടമ നൽകിയ അപ്പീൽ അപേക്ഷ സെക്രട്ടറിയെ അറിയിക്കുകയോ പഞ്ചായത്ത് കമ്മിറ്റി പരിഗണിക്കുകയോ ചെയ്യാതെ സെക്രട്ടറി ഹാജർ എന്ന് രേഖപ്പെടുത്തി നിരസിച്ചെന്നും ആയത് എൽ.എസ്.ജി. ട്രൈബ്യൂണൽ മുൻപാകെ ഹാജരാക്കി സ്റ്റേ വാങ്ങിയെന്നും ബഹു. ട്രൈബ്യൂണൽ മുൻപാകെ കേസ് നിലനിൽക്കെയാണ് താൻ കൈക്കൂലി ആവശ്യപ്പെട്ടെന്ന് പരാതി നൽകിയതെന്നും വിംറോക്ക് സ്ഥാപന ഉടമ ടിയാന്റെ സ്വാധീനത്തിന്റെ തണലിൽ നടത്തിവന്ന നിയമവിരുദ്ധ നടപടികളും ആവശ്യങ്ങളും അംഗീകരിക്കാത്തതിന്റെ പ്രതികാരമാണ് പ്രസ്തുത പരാതിയെന്നും ആയതിനാൽ കാരണം കാണിക്കൽ നോട്ടീസ് പിൻവലിച്ച് കുറ്റവിമുക്തനാക്കണമെന്നും ബോധിപ്പിച്ചിട്ടുണ്ട്. ശ്രീ. കെ. ഗോപി സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. കെ. ഗോപിയുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 3 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീ. ഗോപിയ്ക്കെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ. ഗോപിയ്ക്കെതിരായ ആരോപണങ്ങളിന്മേൽ അച്ചടക്ക നടപടികൾ സംബന്ധിച്ച മാന്വൽ പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത അന്വേഷണ റിപ്പോർട്ട് 15ദിവസത്തിനകം അടിയന്തിരമായി സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട

   (പരാമർശം (1) - (5) എന്നിവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. കെ. ഗോപി, മുൻ സെക്രട്ടറി, വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) , കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/115/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2021.02.11 11:17:09 IST
Reason: Approved

സെക്ഷൻ ഓഫീസർ